(ബി) കായംകുളം ആശുപത്രി അപ്‌ഗ്രേഡ് ചെയ്യുവാൻ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) എന്നത്തേയ്ക്കു പൂർത്തിയാകും?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) ആശുപത്രികളൊന്നും അപ്‌ഗ്രേഡ് ചെയ്തിട്ടില്ല.

(ബി) സ്ഥലം പൊന്നുംവിലയ്ക്കെടുക്കാൻ വേണ്ട നടപടികൾ എടുത്തിട്ടുണ്ട്.

(സി) ഒന്നരക്കൊല്ലത്തിനകം പൂർത്തിയാകുമെന്നു പ്രതീക്ഷിക്കുന്നു.

ആയുർവ്വേദ കോളേജ് പണ്ഡിറ്റ്.

* 977. [2] ശ്രീ. പി. കെ. യശോധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു ദയവായി ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവ്വേദ കോളേജിൽ പണ്ഡിറ്റ് ആയിട്ടും, ലക്‌ചറർ ആയിട്ടും നിയമിക്കുന്നതിനു പബ്ലിക്ക് സർവ്വീസ് കമ്മിഷൻ മിനിമം ക്വാളിഫിക്കേഷൻ നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്ത്;

(സി) അതിനെതിരായി വല്ലവരേയും നിയമിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ കാരണമെന്ത്;

(ഇ) അംഗീകരിച്ചിട്ടുള്ള സിലബസ്സ് അനുസരിച്ച് പഠിപ്പിക്കുവാൻ ഇനി എത്ര അദ്ധ്യാപകന്മാരെ ആവശ്യമുണ്ട്;

(എഫ്) അവരെ നിയമിക്കാത്തതെന്തുകൊണ്ട്?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) ലക്‌ചറർ സ്ഥാനത്തേയ്ക്കു യോഗ്യത നിശ്ചയിച്ചിട്ടില്ല. പണ്ഡിറ്റ് സ്ഥാനത്തേയ്ക്കു കുറഞ്ഞ പരീക്ഷായോഗ്യത നിശ്ചയിച്ചിട്ടുണ്ട്.

(ബി) പണ്ഡിറ്റ് (ശമ്പള 40—70) ആയുർവ്വേദാചാര്യൻ. ഈ യോഗ്യതയുള്ളവർ ഇല്ലെങ്കിൽ) ഹയർ മെഡിക്കൽ സർട്ടിഫിക്കറ്റ് നിലവിലുള്ളതു) വൈദ്യകലാനിധി എന്നിവയും, തിരുവനന്തപുരം സംസ്കൃതകോളേജിലെ ഉപാദ്ധ്യായപരീക്ഷയോ, മഹോപാദ്ധ്യായപരീക്ഷയോ ആണ് നിശ്ചയിച്ചിട്ടുള്ളതു.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ആവശ്യമുള്ള അദ്ധ്യാപകന്മാരെ ഇപ്പോൾ നിയമിച്ചിട്ടുണ്ട്.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

മരുന്നു ഡാക്കിൽ തൂത്തുക്കുടിക്കാവുന്ന രോഗികൾ.

* 978. [3] ശ്രീ. പി. ഗോപാലൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സ്റ്റേറ്റിൽ എത്ര ആളുകളെ മരുന്നു ഡാക്കിൽ തൂത്തുക്കുടിക്കുവാൻ കഴിയുമെന്നു വല്ല കണക്കും എടുത്തിട്ടുണ്ടോ :

LIBRARY ARCHIVES Kerala Legislative Assembly

(ബി) മെഡിക്കൽകോളേജിൽനിന്നും ലഭിക്കുന്ന ഡോക്ടർമാരുടെ കണക്കനുസരിച്ചു എത്ര കൊല്ലം കൊണ്ടു് ഇവിടെ ആവശ്യമുള്ള ഡോക്ടർമാരെ കിട്ടും?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) ഇല്ല.

(ബി) അഞ്ചുകൊല്ലം കൊണ്ടു് ആവശ്യമുള്ള ഡോക്ടർമാരെ കിട്ടുമെന്നാണു കണക്കാക്കിയിരിക്കുന്നതു്.

മലമ്പനി.

* 979. [4] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) എത്തെല്ലാം പ്രദേശങ്ങൾ മലമ്പനിക്കു വിധേയമാണെന്നു കണ്ടുപിടിച്ചിട്ടുണ്ടു്;

(ബി) മലമ്പനി നിരോധനത്തിനു് എന്തെല്ലാം ഔഷധങ്ങൾ വിതരണം ചെയ്യുന്നുണ്ടു്;

(സി) മലമ്പനിശല്യം പരിപൂർണ്ണമായി നിയന്ത്രിക്കുന്നതിനു എന്തെല്ലാം പദ്ധതികൾ ഗവണ്മെന്റു് സ്വീകരിച്ചിട്ടുണ്ടു്?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) മലമ്പനിക്കു വിധേയമാണെന്നു കണ്ടുപിടിച്ചിട്ടുള്ള സ്ഥലങ്ങളുടെ ലിസ്റ്റു് താഴെ കൊടുക്കുന്നു.

തോവാള, കൽക്കുളം, വിളവങ്കോടു്, നെയ്യാറ്റിൻകര, നെടുങ്ങാടു്, പത്മനാപുരം, ചെങ്കോട്ട, പത്തനംതിട്ട, ചങ്ങനാശേരി, മീനച്ചൽ, മൂവാറ്റുപുഴ, തൊടുപുഴ, ദേവികുളം, പീരുമേടു്, കുന്നത്തുനാടു്, കുന്ദപുരം, തലപ്പിള്ളി, തൃശ്ശൂർ, ചിറ്റൂർ എന്നീ താലൂക്കുകളിലെ മലവാരപ്രദേശങ്ങൾ മലമ്പനിക്കു വിധേയമാണെന്നു കണ്ടുപിടിച്ചിട്ടുണ്ടു്.

(ബി) ക്ലോറോക്വിൻ, ക്ലോറോക്വിൽ, നിവാക്വിൻ, ക്വിനോസോമിൻ, ക്വിനാക്രിൻ, മൈപ്രാക്രിൻ, കൊയിനാ എന്നീ ഔഷധങ്ങൾ.

(സി) മലമ്പനിബാധിതപ്രദേശങ്ങളിലുള്ള വീടുകളിൽ ഡി. ഡി. റ്റി. തളിക്കുക, രോഗികൾക്കു സൌജന്യമായി മരുന്നുകൾ വിതരണം ചെയ്യുക ഈ പദ്ധതികളാണു് സ്വീകരിച്ചിട്ടുള്ളതു്.

കാളനൈസേഷൻ.

* 980. [5] ശ്രീ. പി. വിശ്വംഭരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാളനൈസേഷൻ ഡിപ്പാർട്ടുമെന്റിന്റെ ആഭിമുഖ്യത്തിൽ ഈ വർഷത്തിൽ എതെങ്കിലും കാളനി പുതുതായി ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെണ്ണം ; എവിടെയെല്ലാം ;

(ബി) തിരുവനന്തപുരം ഡിസ്ട്രിക്ടിലെ ഈ കാളനിയിൽ ഭൂമി നൽകിയ കുടുംബങ്ങൾക്കു് ഗവണ്മെന്റു് എന്തെല്ലാം സഹായങ്ങൾ ഇതിനകം നൽകിയിട്ടുണ്ടു് ?

LIBRARY ARCHIVES Kerala Legislative Assembly